സ്ത്രീ-പുരുഷ സൗഹൃദ സംസ്കാരം

24(*293) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമ്പസുകളിൽ പെൺകുട്ടികൾ കടുത്ത വിവേചനവും മാനസിക പീഡനവും അനുഭവിക്കുന്നുണ്ടെന്ന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു പരിഹാരമായി പ്രസ്തുത സമിതി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുമോ ;

(സി) കുടുംബങ്ങളിലും സ്കൂളുകളിലും ആരോഗ്യകരമായ സ്ത്രീ പുരുഷ സൗഹൃദ സംസ്കാരം വളർത്തിയെടുക്കാനുള്ള ശാസ്ത്രീയ നടപടികൾ കൈക്കൊള്ളുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല.

(ബി) കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജണ്ടർ ജസ്റ്റീസ് ഓൺ കാമ്പസസ് എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കോളേജുകളിലേയും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവിടങ്ങളിലെയും ആൺ-പെൺ വിദ്യാർത്ഥികൾക്കിടയിൽ ലിംഗനീതി ബോധവും ആരോഗ്യകരമായ ആൺ-പെൺ സൗഹൃദവും വളർത്തുന്നതിനുതകുമാറ് 'കലാലയജ്യോതി 'എന്ന പരിപാടി കേരള വനിതാ കമ്മീഷൻ നടത്തി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 2015 -ൽ പുറപ്പെടുവിച്ച ജെണ്ടർ ഇക്വാളിറ്റി നയത്തിന്റെ അടിസ്ഥാനത്തിൽ 'തുല്യനീതി-നല്ലനാട് എന്ന പേരിൽ ഒരു പ്രചാരണ പ്രവർത്തനത്തിന് 25-11-2015-ൽ തുടക്കം കുറിച്ചിട്ടുണ്ട്. കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജണ്ടർ ജസ്റ്റീസ് ഓൺ കാമ്പസസ് ' എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly